(1)

# അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

എൽ.ഐ.ഡി &ഇഡബ്ല്യു ഉപവിഭാഗം, വാഴൂർ,ചാമംപതാൽ-

E-mail:-aeelsgdvzr@gmail.com

## റിപ്പോർട്ട്

വിഷയം-തസ്വഭവ-സിറ്റിസൺ അസിസ്റ്റൻറ് ഉപജില്ലാ അദാലത്ത്- ശ്രീ.രാജേഷ്.ബി.നായർ- വാഴൂർ ഗ്രാമപഞ്ചായത്ത്- പരാതി - അന്വേഷണ റിപ്പോർട്ട്- സംബന്ധിച്ച്-

സൂചന- 1) കോട്ടയം അദാലത്ത് സമിതി ഉപജില്ലാ സമിതി 4 ന്റെ 05/12/2023 ലെ യോഗനടപടി കുറിപ്പ്
2) കെട്ടിടനിർമ്മാണ അദാലത്ത് ഫയൽ നമ്പർ A3/53262/19 വാഴൂർ ഗ്രാമപഞ്ചായത്ത്
3) വാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A3-5362/2019 തീയതി 10.05.2020 ലെ കെട്ടിടനിർമ്മാണ പെർമിറ്റ്
4) SC2-2834/23 തീയതി 22.06.2022

ശ്രീ.രാജേഷ് സി നായർ 28.09.2019 ൽ സങ്കേതം വഴി കെട്ടിട നിർമ്മാണ അപേക്ഷ നല്കിയിരുന്നു. ആയത് പ്രകാരം വാഴൂർ വില്ലേജിൽ റീസർവ്വേ നമ്പർ 12/12-2 ൽ 13 ആർ 41 ച. മീറ്റർ സ്ഥലത്ത് വാണിജ്യ ഉപയോഗത്തിനായി 67.03 ച.മീറ്റർ തറവിസ്തീർണ്ണം നിർമ്മിക്കാൻ സൂചന (3) പ്രകാരം അനുമതി നല്കിയിട്ടുണ്ട്. തുടർന്ന് ടിയാൻ സൂചന (4) പ്രകാരം സമർപ്പിച്ചിട്ടുള്ള കെട്ടിട നമ്പറിങ്ങിനുള്ള അപേക്ഷ പരിശോധിച്ചതിൽ പെർമിറ്റിന് വിരുദ്ധമായി 62.78 ച മീറ്റർ പാർപ്പിട ആവശ്യത്തിനും 11.73 ച.മീറ്റർ വാണിജ്യാവശ്യത്തിനും പൂർത്തീകരണ അപേക്ഷ നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടി അപേക്ഷ ക്രമവൽക്കരണ അപേക്ഷയായി പരിഗണിച്ചതായി കാണുന്നു.

സമർപ്പിച്ചിട്ടുള്ള പൂർത്തീകരണ പ്ളാനും, 11.12.2023ൽ നടത്തിയിട്ടുള്ള സൈറ്റ് പരിശോധന പ്രകാരവും കെട്ടിടത്തിന് മുൻവശത്തായി 90 സെൻറിമീറ്റർ ഷേഡുള്ളതായി കാണാൻ കഴിയുന്നു. ഈ കെട്ടിടത്തിന്റെ മുൻഭാഗത്തെ രണ്ട് സെറ്റബാക്കുകൾ 3.05 മീറ്റർ, 1.90 മീറ്റർ എന്നിവയാകുന്നു. KPBR 2019 ടേബിൾ 4A പ്രകാരം ആവശ്യമായ ശരാശരി ഫ്രണ്ട് സെറ്റ്ബാക്ക് 3 മീറ്റർ ആകുന്നു. എന്നാൽ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം ഇത് $\frac{(3.05 + 1.90)}{2}$ = 2. 475 മീറ്റർ ആകുന്നു. ഇത് കാരണം KPBR 2019 ചട്ടം 26 ന്റെ ലംഘനം നിലനില്ക്കുന്നു. വാഴൂർ ഗ്രാമപഞ്ചായത്ത് ഓവർസീയറുടെ 17.12.2022 ലെ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്. ഇത് പരിഹരിക്കുവാനായി അപേക്ഷകന് നിർദ്ദേശം നല്കാവുന്നതാണ്.

12.12.2023
വാഴൂർ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

OFFICE OF THE ASST. EXE. ENGINEER